പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6527 — 03.04.2018 ന് മറുപടിയ്ക്ക്.

## ഇൻസ്ട്രക്ടർമാർക്ക് സി.ടി.ഐ പരിശീലന കാലയളവിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ

ചോദ്യം — ഉത്തരം

ശ്രീമതി. ഇ.എസ്.ബിജിമോൾ :

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) വിവിധ സംസ്ഥാനങ്ങളിലെ മെട്രോപൊളിറ്റൻ നഗരങ്ങളിലെ സി.ടി.ഐ. ട്രെയിനിംഗ് സെന്ററുകളിൽ ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന ട്രെയിനിംഗിന് നിയോഗിക്കപ്പെടുന്ന ഐ.ടി.ഐ. ഇൻസ്ട്രക്ടർമാർക്ക് ശമ്പള ഇതര ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ടോ; വിശദമാക്കുമോ; | | (എ) വിവിധ സംസ്ഥാനങ്ങളിൽ ട്രെയിനിംഗിന് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് കെ.എസ്.ആർ പാർട്ട് II റൂൾ 59, റൂളിംഗ് നമ്പർ 2 പ്രകാരം ആദ്യത്തെ 3 മാസത്തേയ്ക്ക് ദിനബത്തക്ക് അർഹതയുണ്ട്. കൂടാതെ കെ.എസ്.ആർ. പാർട്ട് II ചട്ടം 98 (a) പ്രകാരം ട്രെയിനിംഗ് കോഴ്സിൽ പങ്കെടുക്കുന്ന ജീവനക്കാരന് ആ കോഴ്സ് മൂന്ന് മാസം കവിയുന്ന പക്ഷം ട്രാൻസ്ഫർ ടി.എ യ്ക്ക് അനുവദനീയമായ നിരക്കിൽ യാത്രാബത്ത വാങ്ങാവുന്നതാണ്. ഇതിനു പുറമേ മൂന്ന് മാസം കവിയുന്ന പക്ഷം ടി ജീവനക്കാർക്ക് കോമ്പൻസേറ്ററി അലവൻസിനും അർഹതയുണ്ട്. |
| (ബി) സെമസ്റ്റർ രീതിയിലുള്ള സി.ടി.ഐ ട്രെയിനിംഗ് ആരംഭിച്ചതിനുശേഷം ട്രെയിനിംഗിന് നിയോഗിക്കപ്പെട്ടിട്ടുള്ള എല്ലാ ഇൻസ്ട്രക്ടർമാർക്കും അർഹമായ കെ.എസ്.ആർ. പാർട്ട് II, റൂൾ 59 റൂളിംഗ് നമ്പർ 2 പ്രകാരമുള്ള ഡി.എ അനുവദിച്ച് സമയബന്ധിതമായി നൽകി വരുന്നുണ്ടോ; | | (ബി) സെമസ്റ്റർ രീതിയിലുള്ള സി.ടി.ഐ ട്രെയിനിംഗിന് നിയോഗിക്കപ്പെടുന്ന എല്ലാ ഇൻസ്ട്രക്ടർമാർക്കും അർഹമായ ഡി.എ സമയബന്ധിതമായി നൽകി വരുന്നുണ്ട്. |
| (സി) തൊണ്ണൂറ് ദിവസത്തിനുമേൽ കാലയളവിലേക്ക് ട്രെയിനിംഗിന് നിയോഗിക്കപ്പെടുന്ന ഇൻസ്ട്രക്ടർമാർക്ക് തൊണ്ണൂറ് ദിവസത്തിനു ശേഷമുള്ള കാലയളവിലെ ഓരോ മാസവും പരമാവധി അനുവദിക്കാവുന്ന ട്രെയിനിംഗ് അലവൻസ് എത്ര | | (സി) തൊണ്ണൂറ് ദിവസത്തിനുമേൽ കാലയളവിലേക്ക് ട്രെയിനിംഗിന് നിയോഗിക്ക പ്പെടുന്ന ഇൻസ്ട്രക്ടർമാർക്ക് തൊണ്ണൂറ് ദിവസത്തിനു ശേഷമുള്ള കാലയളവിലെ ഓരോ മാസവും പരമാവധി അനുവദിക്കാവുന്ന ട്രെയിനിംഗ് അലവൻസിനെ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു. |

രൂപയാണ്; പ്രസ്തുത ട്രെയിനിംഗ് അലവൻസ് കാലോചിതമായി വർദ്ധിപ്പിക്കുന്നകാര്യം വകുപ്പിന്റെ പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

| Category of Officers | Rates for Cities of New Delhi, Mumbai, Calcutta (Rupees per month) | Rate for other places (Rupees per month) |
|---|---|---|
| 1 | 2 | 3 |
| Officers of Grade I (all officers who draw an actual basic pay of Rs.50400/- and above) | 1575 | 1315 |
| Grade II (a) (officers with actual basic pay of Rs.42500 and above, but below Rs.50400/-) | 1400 | 1140 |
| Grade II (b) (officers with actual basic pay of Rs.27800 and above, but below Rs.42500) | 1140 | 920 |
| Grade III (officers with actual basic pay of Rs.18000 and above, but below Rs.27800) | 1010 | 745 |
| Grade IV (officers with actual basic pay below Rs.18000) | 920 | 615 |

ട്രെയിനിംഗ് അലവൻസ് 07.03.2017 തീയതിയിലെ ജി.ഒ. (പി)നം.31/2017/ധനം. ഉത്തരവ് പ്രകാരമാണ് കാലോചിതമായി വർദ്ധിപ്പിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ